(ബി) വൈദ്യുതി ചാർജിന്റെ വർദ്ധനവ് പിൻവലിക്കണമെന്ന് വ്യവസായികൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉൽപ്പാദനച്ചെലവ് വർദ്ധിക്കുകയും ലാഭം കുറയുകയും ചെയ്യും. ഉൽപ്പന്നവില വർദ്ധിപ്പിച്ചു ലാഭമുണ്ടാക്കാൻ ശ്രമിച്ചാൽ വിപണന മാന്ദ്യം സംഭവിക്കും.

(ബി)&(സി) ഉണ്ട്. വർദ്ധിപ്പിച്ച വൈദ്യുതി ചാർജിൽ നിന്നും ചെറുകിട വ്യവസായങ്ങളെ ഒഴിവാക്കണമെന്ന് ചെറുകിട വ്യവസായ അസ്സോസിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. വൻകിട വ്യവസായികളും ഇപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. സി.ഐ.ഐ. യും (സതേൺ റീജിയൻ) ഇത് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

13 (515) വൈദ്യുതി ചാർജ് വർദ്ധനവ് മൂലം അടച്ചു പൂട്ടിയ വ്യവസായങ്ങൾ

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇപ്പോൾ വർദ്ധിപ്പിച്ച വൈദ്യുതിചാർജ്ജ് താങ്ങാൻ കഴിയാത്തതുമൂലം സംസ്ഥാനത്ത് എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചു പൂട്ടിയിട്ടുണ്ട് എന്നും അവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ?

ഉത്തരം

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ പരിധിയിലുള്ള വ്യവസായ സ്ഥാപനങ്ങളൊന്നും തന്നെ വൈദ്യുതി ചാർജ്ജ് വർദ്ധന കാരണം അടച്ചു പൂട്ടിയിട്ടില്ല. ചെറുകിട വ്യവസായ മേഖലയിലുളളവയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

14 (516) എഫ്.ടി., ഇ.എഫ്.ടി ഉപഭോക്താക്കളുടെ മേൽ ചുമത്തിയ വൈദ്യുതി വർദ്ധന

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മേയ് 15-ാം തീയതി മുതൽ പ്രാബല്യത്തിൽവന്ന ഉത്തരവു മൂലം ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ വ്യാവസായിക ഉപഭോക്താക്കളുടെ മേൽ ചുമത്തിയ 40% വൈദ്യുതി വിലവർദ്ധനവ് വ്യാവസായിക മേഖലയിൽ എന്തെങ്കിലും പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമാണ്;

(സി) ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly